# പെട്രോൾ–ഡീസൽ വിലവർദ്ധനവിലെ കാണാപ്പുറങ്ങൾ

ഡോ. സന്തോഷ് മോഹൻ

പെട്രോൾ-ഡീസൽ വിലവർദ്ധന തുടർക്കഥയാവുകയാണ്. പണ്ട് കോൺഗ്രസിനെ പെട്രോൾപമ്പ് അനുവദിച്ചതിൽ കുറ്റം പറഞ്ഞവർ തന്നെ ഭരണമേറിയപ്പോൾ കാര്യങ്ങൾ മറിച്ചല്ല. കുറ്റം പറയുന്നവർക്കു കൂടി ഗ്യാസ്-ഓയിൽ ഏജൻസികളനുവദിക്കാനും, അതുവഴി അവരുടെ വായടപ്പിക്കാനുമുള്ള ശ്രമങ്ങളാണിന്ന് ഡൽഹിയിൽ അരങ്ങേറുന്നത്. എ.ഡി.ബി വായ്പ വാങ്ങി തല്ക്കാല രക്ഷ തേടുന്നവർ, താല്ക്കാലിക രക്ഷയല്ലാതെ നാടിന്റെ രക്ഷ മുന്നിൽ കാണുന്നുമില്ല. ഇരുപതോ, ഇരുന്നൂറോ വർഷം കഴിഞ്ഞിത് എങ്ങനെ തിരിച്ചുകൊടുക്കുമെന്നത് ഇവർക്ക് പ്രശ്നമല്ലല്ലോ.

ഇതുവരെ ക്രൂഡ് ഓയിൽ നിയന്ത്രണത്തിൽ ഏർപ്പെട്ടിരുന്ന കേന്ദ്രഗവണ്മെന്റ് അത് കയ്യൊഴിഞ്ഞതിനു പിന്നിൽ പല ഗൂഢലക്ഷ്യങ്ങളും കാണേണ്ടിയിരിക്കുന്നു. ആഴ്ചയിലോ ദിവസം തോറുമോ വില കൂട്ടുന്ന ഒന്നായി പെട്രോൾ- ഡീസൽ കൈമാറ്റവിതരണം തന്നെ താറുമാറാകുകയും, തുടർന്നുള്ള നാളുകളിൽ വിലകൂടിയേക്കാമെന്ന പ്രതീക്ഷയിൽ ഉത്പന്നങ്ങളുടെ പൂഴ്ത്തിവയ്പിനും, കരിഞ്ചന്തക്കുംവഴി തുറക്കുകയുമാണവർ ചെയ്തത്.

കൊച്ചിൻ റിഫൈനറിയിൽ നിന്നും ക്രൂഡ് ഓയിൽ ശുദ്ധീകരിച്ച് പെട്രോളും ഡീസലുമാക്കി തരം തിരിച്ച് ഓയിൽ കമ്പനികൾക്കു നൽകുന്ന വിലയും പുതിയ വില്പന വിലയും കണക്കാക്കുമ്പോഴാണ് ആ അന്തരം കീശ വീർപ്പിക്കുന്നതാരുടെയെന്നറിയുന്നത്.

2002 ജൂൺ ആദ്യ ആഴ്ചയിൽ ദുബായിലെ പെട്രോൾ വില 10.86 രൂപ ആയിരുന്നപ്പോൾ കേരളത്തിലേത് 31.27 രൂപയായിരുന്നു. 10 രൂപയിൽ താഴെയുള്ള വിലയ്ക്ക് ശുദ്ധീകരിച്ച ക്രൂഡ് ഓയിൽ പെട്രോൾ ആയി ഓയിൽ കമ്പനിക്കു നൽകുന്ന റിഫൈനറിയിൽ നിന്നും പുറത്തെത്തുമ്പോഴത് 200ശതമാനം (ഇരുനൂറ്) നികുതിയോടെ 31.27 രൂപയായിമാറുമ്പോൾ അതിലെ ട്രാൻസ്പോർട്ടിംഗ് ചാർജ് ലിറ്ററിന് 5-10 പൈസ മാത്രമാണ്. ജൂൺ രണ്ടാം വാരം 31.27 ൽ നിന്ന് 31.40 ലേക്ക് പെട്രോൾ വില ഉയരുകയും ചെയ്തു.

രണ്ടാഴ്ചയിലൊരിക്കലോ (ചിലപ്പോൾ ആഴ്ചയിലൊരിക്കൽ) പെട്രോൾ വില വർദ്ധിപ്പിക്കാൻ തിരക്കു കൂട്ടുന്ന ഓയിൽ കമ്പനികൾ കഴിഞ്ഞ 3 മാസത്തിനിടയിൽ വിലയിൽ കുറവു വരുത്തിയത് ആഗസ്റ്റ് 15ന് 20 പൈസ മാത്രമാണ്. ക്രൂഡ് ഓയിൽ വിപണിയിൽ വില ഉയർന്നാലുടനെ, ഇവിടെ വിലയുയർത്തുന്നവർ ആ വില താഴ്ന്നാൽ വില കുറക്കാതെ കാത്തു നിൽക്കുന്നതായാണ് നാമിതുവരെ കണ്ടത്. വില കൂട്ടുന്നതിൽ ഓയിൽ കമ്പനികളെല്ലാം ഒന്നായി അണിചേരുന്നതും നാം കാണുന്നു.

എന്നാൽ മായം കലർന്ന ഓയിൽ വിതരണത്തിനെതിരെ ശബ്ദമുയർത്താനോ, നടപടികൾ സ്വീകരിക്കാനോ ഈ ഓയിൽ കമ്പനികളുടെ കൂട്ടായ്മ കാണുന്നില്ല. തൃശ്ശൂർ-കോഴിക്കോട് മേഖലയിൽ ദീർഘദൂര ബസുകളുടെ തുടർച്ചയായ അപകടങ്ങൾക്കും തീപിടുത്തത്തിനും കാരണം ഡീസലിൽ കലർത്തുന്ന മണ്ണെണ്ണയാണെന്ന് തിരിച്ചറിഞ്ഞിട്ടും ഇവർ മൗനം പാലിക്കുന്നു.

വില്പനനികുതി, റോഡു നികുതി അങ്ങിനെ എണ്ണിയാലൊടുങ്ങാത്ത പേരിലൊക്കെ പെട്രോളിനും ഡീസലിനും നികുതി ചുമത്തുന്ന ഗവണ്മെന്റ് ആ പണമൊക്കെയെന്തു ചെയ്യുകയാണ്? 8 ദശലക്ഷം ലിറ്റർ പെട്രോളും 16 ദശലക്ഷം ലിറ്റർ ഡീസലും ഒരു മാസം ഉപയോഗിക്കുന്ന കേരളീയർ, ഒരു മാസം 30,000 കോടി രൂപ ഈയിനത്തിൽ നികുതിയായി കേന്ദ്രഗവണ്മെന്റിനു നൽകുന്നുണ്ട്.

ഇതിൽ തന്നെ സംസ്ഥാനനികുതിയുടെ അന്തരമാണ് ഡൽഹിയിലുള്ളതിനേക്കാളേറെ വില കേരളീയർ നൽകേണ്ടി വരുന്നതിനു കാരണം. പോണ്ടിച്ചേരി സ്റ്റേറ്റിലെ മാഹിയിൽ പെട്രോൾ ഡീസൽ വിലക്കുറവിനു കാരണവും നികുതിയിലെ ഈ അന്തരം തന്നെ. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഓയിൽ ഉല്പന്നങ്ങൾക്ക് നികുതി കൂടുതൽ വാങ്ങുന്ന കേരള ഗവണ്മെന്റ്, റോഡു നന്നാക്കാനെങ്കിലും ആ പണം ഉപയോഗിച്ചിരുന്നുവെങ്കിൽ (ആ പേരിലും നികുതി വാങ്ങുന്നുണ്ടല്ലോ) റോഡപകടങ്ങളുടെ എണ്ണമെങ്കിലും കുറക്കാൻ കഴിഞ്ഞേനെ.

കമ്പനി-ചുരിദാർ-റെഡിമെയ്ഡ് വസ്തുങ്ങൾക്ക് 28 ശതമാനത്തോളം നികുതി ചുമത്തുന്നതാണ് അവയുടെ വിലവർദ്ധനവിന് കാരണമെന്ന് നിർമ്മാതാക്കൾ തന്നെ അവകാശപ്പെടുമ്പോൾ, ഈ നികുതിയൊക്കെ നൽകുന്നവന്, അതെങ്ങനെ വിനിയോഗിക്കുന്നു എന്നറിയാനുള്ള അവകാശം കൂടി നിഷേധിക്കുകയാണ് കേരളത്തിലിന്ന്.